**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 337** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാരികൾക്ക് നേരെ നടന്ന ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** അടുത്തകാലത്ത് പൊൻമുടിയിൽ വിനോദസഞ്ചാരികൾക്ക് നേരെ നടന്ന ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും നാളിതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ടി സംഭവത്തിലേയ്ക്ക് ഒരു പരാതി വിതുര പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതും ആയതിൽ ഇരുകക്ഷികളെയും സ്റ്റേഷനിൽ വിളിച്ച് വരുത്തി പരാതി രമ്യമായി പരിഹരിച്ചിട്ടുള്ളതുമാണ്. ടി സംഭവവുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയോ അറസ്റ്റ് സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**(ബി)** സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും നിലവിലുള്ള പോലീസ് സംവിധാനത്തിന് പുറമെ ടൂറിസം പോലീസിന്റെ സേവനമോ കൂടുതൽ പോലീസ് വിന്യാസമോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ടൂറിസം പോലീസിന്റെ സഹായത്തോടെ പട്രോളിംഗ് ശക്തമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** പൊൻമുടി ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യവിരുദ്ധരുടെയും ലഹരി ഉപയോഗിക്കുന്നവരുടെയും സാന്നിധ്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**